**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 361** **01-02-2023 - ൽ മറുപടിയ്ക്ക്**

**നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഇപ്പോൾ എത്ര റവന്യൂ ഇൻസ്പെക്ടർ തസ്തിക നിലവിൽ ഉണ്ടെന്ന് അറിയിക്കുമോ ; ടി തസ്തികയുടെ അനുവദിനീയ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുളള മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം - 212<br><br>അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം - 212 |
| (ബി) | ടി തസ്തികയിൽ 2023 മാർച്ച് 31 ആകുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് അറിയിക്കാമോ; അവ ഏതെല്ലാം നഗരസഭയിൽ ആണെന്ന് വിശദീകരിക്കാമോ; | (ബി) | 2023 മാർച്ച് 31 ന് ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ വിരമിക്കൽ മുഖേന 3 ഒഴിവുകൾ ഉണ്ടാകുന്നതാണ്.<br><br>തിരുവല്ല, കൊച്ചി, നീലേശ്വരം എന്നീ നഗരസഭകളിലാണ് ഒഴിവുണ്ടാകുന്നത്. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പ് ഇപ്പോൾ പുതുതായി പ്രഖ്യാപിച്ച 93 അക്കൗണ്ട്സ് അസിസ്റ്റന്റും, 6 അക്കൗണ്ട് ഓഫീസർ തസ്തികയും നഗരസഭകൾക്കാണോ സൃഷ്ടിച്ചതെന്ന് അറിയിക്കാമോ; ഈ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (സി) | 6 മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഓരോ അക്കൗണ്ട്സ് ഓഫീസർമാരുടെയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളുമാണ് അനുവദിച്ചിട്ടുളളത്. അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക Local Self Government Department Subordinate Service Rules-ൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഒഴിവുകൾ നികത്തുന്നതിനുളള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | അക്കൗണ്ട്സ് അസിസ്റ്റന്റുമാരുടെ ശമ്പളസ്കെയിൽ എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഈ തസ്തിക ഹെഡ്ക്ലാർക്ക് റവന്യൂ ഇൻസ്പെക്ടർ തസ്തികയ്ക്ക് തുല്യമാണോ; | (ഡി) | ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല.<br><br>അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക Local Self Government Department Subordinate Service Rules-ൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റം അനുവദിക്കേണ്ട ക്രമം നിശ്ചയിക്കേണ്ടതാണ്. |
| (ഇ) | ഈ തസ്തികയിലേക്കുള്ള ഒഴിവുകൾ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത് ഏതെല്ലാം നഗരസഭകൾക്കാണെന്ന് വിശദീകരിക്കാമോ; ടി തസ്തികയ്ക്ക് പ്രത്യേക യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; | (ഇ) | 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളാണ് അനുവദിച്ചിട്ടുളളത്. യോഗ്യത നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രൈവർ തസ്തികകൾ അബോളിഷ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | 22.12.2022 ലെ സ.ഉ (കൈ) നം.277/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നഗരസഭകളിലെ ഡ്രൈവർ (എൽ.ഡി.വി) 60 തസ്തികകളും ഡ്രൈവർ (എച്ച്.ഡി.വി) 34 തസ്തികകളും അബോളിഷ് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ